**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2678** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏറ്റവും ദുർബല വിഭാഗങ്ങളുടെ ആപേക്ഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പട്ടികജാതിയിൽ അതിദുർബലരായി പരിഗണിക്കുന്ന അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടർ എന്നീ 5 സമുദായങ്ങളിൽപ്പെട്ട വിഭാഗങ്ങളുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ദുർബലവിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുകയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതികളുടെ നടത്തിപ്പിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 19.10.2024-ലെ സ.ഉ.(കൈ). 33/2024/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന്, ഭവനനിർമ്മാണത്തിന്, ടോയ്‌ലറ്റ് നിർമ്മാണത്തിന്, ഭവന പുനരുദ്ധാരണത്തിന്,പഠനമുറി നിർമ്മിക്കുന്നതിന്, കൃഷിഭൂമി വാങ്ങുന്നതിന്, വ്യക്തിഗത സ്വയംതൊഴിൽ സംരഭങ്ങൾക്ക്, സങ്കേത വികസനത്തിന് എന്നിങ്ങനെ സഹായങ്ങൾ അനുവദിച്ചു വരുന്നുണ്ട്. കൂടാതെ ഈ സമുദായങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയാണ് HOME(House Hold Oriented Micro planning for Empowerment).<br><br>ടി കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് സുസ്ഥിര വരുമാന വർദ്ധനപരിപാടികളും സാമൂഹ്യക്ഷേമപദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് 'ഹോം'പദ്ധതി ലക്ഷ്യം വെക്കുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ പദ്ധതികൾ എന്തൊക്കെയെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തുകയും അവരുടെ |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾക്കനുസൃതമായി പ്രസ്തുത കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുകയാണ് ഇതിന്റെ സമീപന രീതി |
| (ബി) | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് 'ഹോം' എന്ന പേരിൽ നടപ്പിലാക്കുന്ന മൈക്രോ പ്ലാനിങ് പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | ഹോം പദ്ധതി നാലു ഘട്ടങ്ങളായി നടപ്പാക്കുന്നതിന് വിഭാവനം ചെയ്തിരുന്നു.<br><br>1. കുടുംബാടിസ്ഥാനത്തിൽ സ്ഥിതി വിവരശേഖരണം.<br><br>2.ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ.<br><br>3.സൂക്ഷ്മതല പദ്ധതി രൂപീകരണം.<br><br>4.പദ്ധതി നിർവഹണവും അവലോകനവും.<br><br>എന്നാൽ ഒന്നാം ഘട്ടമായ ഹോം സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി പദ്ധതി നടത്തിപ്പിലേയ്ക്ക് നീങ്ങുന്നതാണ്. |
| (സി) | ഏറ്റവും ദുർബല പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടി കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | സ്ഥിരം തൊഴിൽ/ജോലി ഇല്ലാത്തവരും,വിവാഹിതരും, കൃഷി ജീവനോപാധിയാക്കുന്നതിന് താൽപ്പര്യമുള്ളവരും, 60 വയസ്സിന് താഴേ പ്രായമുള്ളവരും സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ 10 സെന്ററിലധികം ഭൂമിയില്ലാത്തവരുമായ ഗുണഭോക്താക്കൾക്ക്, 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ, കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം അനുവദിച്ച് വരുന്നു.<br><br>2024-25 സാമ്പത്തിക വർഷം കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം പദ്ധതിയിൽ 51 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ അപേക്ഷകൾ ലഭ്യമായിട്ടുള്ളതും, ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ഡി) | ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിയ വിവിധ തൊഴിലധിഷ്ഠിത പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ; | (ഡി) | "ദുർബലവിഭാഗ പുനരധിവാസ പദ്ധതി" പ്രകാരം പുതിയ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 100% സബ്സിഡിയോടുകൂടി ധനസഹായം ലഭ്യമാകുന്നതാണ്.<br><br>സ്വയം തൊഴിൽ (വ്യക്തിഗത സംരംഭം) സഹായം പദ്ധതിയിൽ സ്ഥിരം തൊഴിൽ /വരുമാനം ഇല്ലാത്തവരും, പ്രായം 18-നും 60-നും മദ്ധ്യേയുള്ളതും, വാർഷിക കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ താഴേയുള്ളതും, ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ |

| | | | |
|---|---|---|---|
| | | | വൈദഗ്ധ്യവും, പ്രായോഗിക പരിചയവും ഉള്ള ഗുണഭോക്താക്കൾക്ക് പരമാവധി 3,00,000/- രൂപ ധനസഹായം അനുവദിച്ചുവരുന്നു.<br><br>സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭം) സഹായപദ്ധതിയിൽ പ്രായം 18-നും 60-നും മദ്ധ്യേയുള്ളതും, വാർഷിക കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ താഴേയുള്ളതും സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരമോ, കുടുംബശ്രീ യൂണിറ്റ് ആയോ രജിസ്റ്റർ ചെയ്ത സംഘത്തിന് ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ ഉണ്ടായിരിക്കണം എന്ന വ്യവസ്ഥയിൽ ഏർപ്പെടുന്ന തൊഴിൽ സംരംഭത്തിന് ലഭ്യമായ ബാങ്ക് വായ്പയുടെ 100% സബ്സിഡി (പരമാവധി 5 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.<br><br>2024-25 സാമ്പത്തിക വർഷം സ്വയം തൊഴിൽ സഹായം, കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം എന്നി പദ്ധതികൾ പ്രകാരം 224 ഗുണഭോക്താക്കൾക്കും, 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾപ്രകാരം 115 ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ചുനൽകയിട്ടുണ്ട്. നടപ്പ് വർഷം പ്രസ്തുത പദ്ധതികളിൽ അപേക്ഷകൾ ലഭ്യമാക്കിയിട്ടുള്ളവർക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യം അനുവദിച്ച് വരുകയും ചെയ്യുന്നു |
| (ഇ) | ഹോം പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി കാലാനുസൃതമായ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ഹോം പദ്ധതിയിലെ ഒന്നാം ഘട്ടമായ ഹോം സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ